**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സർക്കുലർ നം.65/2024/ധന തിരുവനന്തപുരം, തീയതി: 22.11.2024

**<u>സർക്കുലർ</u>**

വിഷയം:- സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്നത് കൂടുതൽ വ്യക്തത വരുത്തി - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: 1. സ.ഉ(എം.എസ്)നം.97/2020/ധന തീയതി: 23.09.2020

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് മേൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താവിന്റെ മരണശേഷം അനുവദിക്കുന്ന പെൻഷൻ/ കുടിശ്ശിക തുക അനന്തരാവകാശികൾക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയും, സൂചന ഉത്തരവിലെ മേൽ ഖണ്ഡിക തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ്/സഹായം എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കി വരുന്നത്. മരണ ശേഷം ടി സഹായത്തിന് പ്രസക്തിയില്ല. ആയതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം, സർക്കാർ അനുവദിക്കുന്ന പെൻഷൻ/ കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന സൂചന ഉത്തരവിലെ നിർദ്ദേശം ഒന്നുകൂടി വ്യക്തമാക്കി ഇതിനാൽ തുടർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ഡോ. എ. ജയതിലക് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം: 2960488/ SFC-B2/174/2024-FIN )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ